ഗ്യാനേഷിന്റെ രാജി: സിപിഐ മനുഷ്യച്ചങ്ങല തീർത്തു

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ടു ഡൽഹിയിൽ സിപിഐ മനുഷ്യച്ചങ്ങല തീർത്തു. സിപിഐ ആസ്ഥാനമായ അജോയ് ഭവൻ മുതൽ ഐടിഒ വരെയായിരുന്നു മനുഷ്യച്ചങ്ങല തീർത്തത്.

ഗ്യാനേഷ് കുമാറിനു ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടുവെന്നും മുഖ്യ തെരഞ്ഞെടുപ്പ് കമ്മിഷണറായി അദ്ദേഹം തുടരുന്നത് തെരഞ്ഞെടുപ്പു പ്രക്രിയയുടെ വിശ്വാസ്യതയ്ക്കു ഭീഷണിയാണെന്നും പ്രതിഷേധപരിപാടിയെ അഭിസംബോധന ചെയ്തു സംസാരിക്കവേ സിപിഐ ജനറൽ സെക്രട്ടറി ഡി. രാജ പറഞ്ഞു.

മൈത്രിക്ക് ഏജൻസി ഓഫ് ദി ഇയർ അംഗീകാരം

കൊച്ചി: അഡ്വർടൈസിംഗ് ക്ലബ് ട്രിവാൻഡ്രം ഏർപ്പെടുത്തിയ ആദ്യ ലവ് ഓഫ് അഡ്വർടൈസിംഗ് അവാർഡുകളിൽ 18 പുരസ്കാരങ്ങൾ സ്വന്തമാക്കി മൈത്രി അഡ്വർടൈസിംഗ് വർക്സ് ഏജൻസി ഓഫ് ദി ഇയർ അംഗീകാരത്തിന് അർഹരായി.

ബ്രാൻഡ് ഐഡന്റിറ്റി, ആർട്ട് ഡയറക്ഷൻ, ഫിലിം ക്രാഫ്റ്റ്, ഡിജിറ്റൽ, ബ്രാൻഡഡ് കണ്ടന്റ്, സോഷ്യൽ മീഡിയ, ബ്രാൻഡ് ആക്ടിവേഷൻ, ഇന്റഗ്രേറ്റഡ് കാമ്പയിനുകൾ തുടങ്ങിയ മേഖലകളിലായാണു മൈത്രി നേട്ടം കൈവരിച്ചതെന്ന് മൈത്രി അഡ്വർടൈസിംഗ് വർക്സ് ഐഡിയേഷൻ ഡയറക്ടർ ആർ. വേണുഗോപാൽ പറഞ്ഞു.

കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ പ്രചരിപ്പിക്കുന്നത് തടയാൻ
നിയമം കടുപ്പിക്കാൻ കേന്ദ്രം

സ്വന്തം ലേഖകൻ

ന്യൂഡൽഹി: കുട്ടികളുടെ അശ്ലീല ദൃശ്യങ്ങളും അനുമതിയില്ലാത്ത സ്വകാര്യദൃശ്യങ്ങളും ഇന്റർനെറ്റിൽനിന്നു നീക്കം ചെയ്യുന്നതുകൂടാതെ ഇവ അപ്ലോഡ് ചെയ്തവരെക്കുറിച്ച് പൊലിസിൽ വിവരമറിയിക്കാൻ സമൂഹമാധ്യമങ്ങൾ ഉൾപ്പടെയുള്ള ഇടനിലക്കാർക്ക് നിയമപരമായ ബാധ്യത നൽകുന്ന നിയമനിർമാണം കേന്ദ്രസർക്കാരിന്റെ പരിഗണനയിൽ. ഒടിടി, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലെ അശ്ലീല ഉള്ളടക്കങ്ങൾ തടയണമെന്നാവശ്യപ്പെട്ടുള്ള ഹർജി പരിഗണിക്കവേ സോളിസിറ്റർ ജനറൽ തുഷാർ മേത്തയാണ് സുപ്രീംകോടതിയിൽ ഇക്കാര്യം അറിയിച്ചത്.

കുട്ടികളെ ഉൾപ്പെടുത്തിയുള്ള ദൃശ്യങ്ങളുടെ വ്യാപനം തടയുന്നതിനൊപ്പം മുതിർന്നവരുടെ സ്വകാര്യ ദൃശ്യങ്ങൾ സമ്മതമില്ലാതെ പ്രചരിപ്പിക്കുന്നത് തടയാനുള്ള നയരൂപീകരണവും പരിഗണനയിലാണെന്ന് കേന്ദ്രം അറിയിച്ചു. നിർമിതബുദ്ധി ഉപയോഗിച്ചു വ്യക്തികളുടെ മുഖവും ശരീരവും രൂപമാറ്റം വരുത്തി സൃഷ്ടിക്കുന്ന വ്യാജദൃശ്യങ്ങൾ വലിയ ആശങ്കയുണ്ടാക്കുന്നുണ്ടെന്ന് തുഷാർ മേത്ത ചൂണ്ടിക്കാട്ടി. ഇത്തരം ദൃശ്യങ്ങൾ പ്രചരിച്ചാൽ ഇരയായ വ്യക്തിക്കുപുറമെ മൂന്നാം കക്ഷികൾക്കും പരാതി നൽകാൻ കഴിയുന്ന വ്യവസ്ഥകളും പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയേക്കും.

സമൂഹമാധ്യമങ്ങളിലെയും ഡിജിറ്റൽ ഇടങ്ങളിലെയും അശ്ലീല-വ്യാജ ദൃശ്യപ്രചാരണം തടയുന്നതിനായി തയാറാക്കുന്ന നയരേഖ നാലാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കാൻ സുപ്രീംകോടതി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. കേസിൽ തുടർന്നുള്ള നടപടികൾ കേന്ദ്രസർക്കാരിന്റെ വിശദമായ റിപ്പോർട്ടിനു ശേഷമായിരിക്കും.

KERALA BANK
Kerala State Co-operative Bank

Kannur Regional Office
PB, No. 35, Kannur, Kerala - 670001.
Ph: 0497 - 2700001/4, EPABX- 2714115
email: keralabankroknr@gmail.com, knrrokb@gmail.com

വസ്തു കൈവശമെടുക്കൽ നോട്ടീസ്

അനുബന്ധം IV റൂൾ 8(1)

അടിയിൽ ഒപ്പിട്ടിരിക്കുന്ന ഞാൻ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരം ബേങ്കിന്റെ താഴെപറയുന്ന ശാലകളിലെ വായ്പക്കാർക്ക്/ജാമ്യക്കാർക്ക് കുടിശ്ശിക തുകയും അതിൻമേലുള്ള പലിശയും മറ്റു ചെലവുകളും തിരിച്ചടക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള തീയതികളിൽ നോട്ടീസ് അയച്ചിട്ടുള്ളതാകുന്നു. എന്നാൽ വായ്പക്കാർ/ജാമ്യക്കാർ പ്രസ്തുത സമയത്തിനകം തുക അടക്കുവാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് ടി ആക്ടിന്റെ 13 (4) വകുപ് റൂൾ 8 പ്രകാരം അധികാരമുപയോഗിച്ച് താഴെ പട്ടികയിൽ പറയുന്ന സ്ഥാവരവസ്തുവഹകൾ ബേങ്കിന്റെ അധികാരപ്പെടുത്തിയ ഓഫീസറായ ഞാൻ താഴെ കൊടുത്തിരിക്കുന്ന തീയതി മുതൽ പ്രതീകാത്മകമായി കൈവശപ്പെടുത്തിയിരിക്കുന്നു എന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. കീഴ്പടി വസ്തുവഹകളിൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്നും ഏതെങ്കിലും വിധത്തിലുള്ള ഇടപാടുകൾ നടത്തുന്നതായാൽ അത് കേരള സംസ്ഥാന സഹകരണ ബേങ്കിന് ഈടാക്കാനുള്ള തുകയ്ക്കും മേൽ പലിശക്കും ബന്ധപ്പെട്ട മറ്റ് ചെലവുകൾക്കും വിധേയമായിരിക്കുമെന്നുള്ള വിവരം പൊതുജനങ്ങൾക്ക് സാമാന്യമായും ടി.വായ്പകാരേയും വസ്തുടെമസ്ഥരേയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു.

ക്രമനമ്പർ	വായ്പക്കാർ/ജാമ്യക്കാരുടെ പേരും കുടിശ്ശിക വിവരവും ബന്ധപ്പെട്ട ശാഖയും	ഈടുവസ്തു വിവരം
1	രാജീവൻ എൻ.പി., തെക്കേയിൽ, ആമ്പിലാട്, കൂത്തുപറമ്പ പി.ഒ. 22.10.2026 വരെ ബേങ്കിന് ലഭിക്കാനുള്ള തുക 14,90,797/- രൂപയും അതിനുശേഷമുള്ള പലിശയും മറ്റ് ചെലവുകളും ഡിമാൻഡ് നോട്ടീസ് തീയതി: 20.05.2026 കൈവശപ്പെടുത്തിയ തീയതി: 22.10.2026 ശാഖ : കൂത്തുപറമ്പ	കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ രാങ്ങാട്ടിടം അംശം ആമ്പിലാട് ദേശത്ത് ശ്രീ. രാജീവൻ എൻ.പി. എന്നവരുടെ ഉടമസ്ഥാവകാശത്തിലുള്ള റീ.സ. നമ്പർ 85/150 ൽപ്പെട്ട 0.1064 ഹെക്ടർ വസ്തുവും അതിലെ സർവ്വതും (ആധാരം നമ്പർ 1444/2021, SRO കൂത്തുപറമ്പ്) അതിർത്തികൾ : കിഴക്ക് : മൺറോഡ്, തെക്ക് : സജീവൻ കൈവശസ്ഥലം, പടിഞ്ഞാറ് : വി.വി. രജിത കൈവശസ്ഥലം, വടക്ക് : മുൻസിപ്പൽ റോഡ്
2	1. ഫൈമ ഖാദർ, 2. ഖാദർ പി.കെ., ബൈത്തൂൽ ജവഹർ, നീർവേലി പി.ഒ., മെരുവമ്പായി 22.10.2026 വരെ ബേങ്കിന് ലഭിക്കാനുള്ള തുക 10,81,846/- രൂപയും അതിനുശേഷമുള്ള പലിശയും മറ്റ് ചെലവുകളും ഡിമാൻഡ് നോട്ടീസ് തീയതി: 20.05.2026 കൈവശപ്പെടുത്തിയ തീയതി: 22.10.2026 ശാഖ : കൂത്തുപറമ്പ	കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ കണ്ടംകുന്ന് അംശം മെരുവമ്പായി ദേശത്ത് ശ്രീമതി ഫൈമ ഖാദർ എന്നവരുടെ ഉടമസ്ഥാവകാശത്തിലുള്ള റീ.സ. നമ്പർ 22/150 ൽപ്പെട്ട 0.0202 ഹെക്ടർ വസ്തുവും അതിലെ സർവ്വതും (ആധാരം നമ്പർ 1529/2011, SRO കൂത്തുപറമ്പ്) അതിർത്തികൾ : കിഴക്ക് : അഷറഫ് കൈവശസ്ഥലം, തെക്ക് : കാദർ കൈവശസ്ഥലം, പടിഞ്ഞാറ് : മൺറോഡ്, ഇടവഴി, വടക്ക് : മൺറോഡ്
3	1. സജീറ ഫൈസൽ, 2. ഫൈസൽ പി., ജസീർ മൻസിൽ, മാനന്തേരി പി.ഒ. 22.10.2026 വരെ ബേങ്കിന് ലഭിക്കാനുള്ള തുക 21,52,447/- രൂപയും അതിനുശേഷമുള്ള പലിശയും മറ്റ് ചെലവുകളും ഡിമാൻഡ് നോട്ടീസ് തീയതി: 20.05.2026 കൈവശപ്പെടുത്തിയ തീയതി: 22.10.2026 ശാഖ : കൂത്തുപറമ്പ	കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ മാനന്തേരി അംശം മാനന്തേരി ദേശത്ത് ശ്രീമതി സജീറ ഫൈസൽ എന്നവരുടെ ഉടമസ്ഥാവകാശത്തിലുള്ള റീ.സ. നമ്പർ 138/110 ൽപ്പെട്ട 0.0454 ഹെക്ടർ വസ്തുവും അതിലെ സർവ്വതും (ആധാരം നമ്പർ 971/2024, SRO കൂത്തുപറമ്പ്) അതിർത്തികൾ : കിഴക്ക് : തോട്, മൺറോഡ്, തെക്ക് : ജസീന, അഷറഫ് കൈവശസ്ഥലം, പടിഞ്ഞാറ് : മുഹമ്മദ് കൈവശസ്ഥലം, വടക്ക് : മുഹമ്മദ് കൈവശസ്ഥലം
4	1. ജയാനന്ദൻ വി., കുന്നമ്പ്രത്ത് ഹൗസ്, മുഴപ്പിലങ്ങാട് പി.ഒ 2. ക്ഷമിത കെ., കുറ്റേരികുന്നമ്പ്ര, മാവിലായി, മോച്ചേരി, പെരളശ്ശേരി 22.10.2026 വരെ ബേങ്കിന് ലഭിക്കാനുള്ള തുക 7,88,985.50/- +13,061.50/- =9,12,047/- രൂപയും അതിനുശേഷമുള്ള പലിശയും മറ്റ് ചെലവുകളും ഡിമാൻഡ് നോട്ടീസ് തീയതി: 12.08.2026 കൈവശപ്പെടുത്തിയ തീയതി: 22.10.2026 ശാഖ : എടക്കാട്	കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ മാവിലായി അംശം മൊകേരി ദേശത്ത് 1. ശ്രീ. ജയാനന്ദൻ വി., 2. ശ്രീമതി ക്ഷമിത കെ. എന്നിവരുടെ ഉടമസ്ഥാവകാശത്തിലുള്ള റീ.സ. നമ്പർ 3/131 ൽപ്പെട്ട 2.51 ആർസ് വസ്തുവും അതിലെ സർവ്വതും (ആധാരം നമ്പർ 1485/2009, SRO കാടാച്ചിറ) അതിർത്തികൾ : കിഴക്ക് : ലീല കൈവശസ്ഥലം, തെക്ക് : ദിനേശൻ കൈവശസ്ഥലം, പടിഞ്ഞാറ് : റോഡ്, വടക്ക് : ലീല കൈവശസ്ഥലം
5	കാഫില കെ., കുന്നത്ത് ഹൗസ്, അടൂർ പാലം, പി.ഒ.കാടാച്ചിറ, എടക്കാട് 22.10.2026 വരെ ബേങ്കിന് ലഭിക്കാനുള്ള തുക 32,46,601.50/- രൂപയും അതിനുശേഷമുള്ള പലിശയും മറ്റ് ചെലവുകളും ഡിമാൻഡ് നോട്ടീസ് തീയതി: 04.12.2025 കൈവശപ്പെടുത്തിയ തീയതി: 22.10.2026 ശാഖ : എടക്കാട്	കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ കടമ്പൂർ അംശം അടൂർ ദേശത്ത് ശ്രീമതി കാഫില കെ. എന്നവരുടെ ഉടമസ്ഥാവകാശത്തിലുള്ള റീ.സ. നമ്പർ 77/161, 77/135 ൽപ്പെട്ട 1.40+1.62 ആർസ് വസ്തുവും അതിലെ സർവ്വതും (ആധാരം നമ്പർ 219/2021, 1537/2021, SRO കാടാച്ചിറ) അതിർത്തികൾ : കിഴക്ക് : ആയിഷ കൈവശസ്ഥലം, തെക്ക് : മറിയം കൈവശസ്ഥലം, പടിഞ്ഞാറ് : മൺറോഡ്, വടക്ക് : മൺറോഡ്
6	1. അനഘ ടി.പി., ശ്രീന നിവാസ്, ചാലക്കുന്ന്, തോട്ടട, 2. പവിത്രൻ എം., മണിയലചാലിൽ ഹൗസ്, കോഴൂർമൂല, എടക്കാട് പി.ഒ., കണ്ണൂർ 22.10.2026 വരെ ബേങ്കിന് ലഭിക്കാനുള്ള തുക 7,62,801.50/- രൂപയും അതിനുശേഷമുള്ള പലിശയും മറ്റ് ചെലവുകളും ഡിമാൻഡ് നോട്ടീസ് തീയതി: 28.07.2026 കൈവശപ്പെടുത്തിയ തീയതി: 22.10.2026 ശാഖ : എടക്കാട്	കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ എടക്കാട് അംശം എടക്കാട് ദേശത്ത് ശ്രീ. പവിത്രൻ എം. എന്നവരുടെ ഉടമസ്ഥാവകാശത്തിലുള്ള റീ.സ. നമ്പർ 1/429, 1/430 ൽപ്പെട്ട 2.83+1.21 ആർസ് വസ്തുവും അതിലെ സർവ്വതും (ആധാരം നമ്പർ 2698/2000, 955/1999, SRO കാടാച്ചിറ) അതിർത്തികൾ : കിഴക്ക് : പ്രേമ കൈവശസ്ഥലം, തെക്ക് : യശോദ, മനോഹരൻ കൈവശസ്ഥലം, പടിഞ്ഞാറ് : അക്ഷയ കൈവശസ്ഥലം, വടക്ക് : രാജീവൻ, രാജൻ കൈവശസ്ഥലം, വഴി
7	1. പ്രസൂൺ ഇ., 2. പവിത്രൻ എം., മണിയലചാലിൽ ഹൗസ്, കോഴൂർമൂല, എടക്കാട് പി.ഒ., കണ്ണൂർ 22.10.2026 വരെ ബേങ്കിന് ലഭിക്കാനുള്ള തുക 4,95,766/- രൂപയും അതിനുശേഷമുള്ള പലിശയും മറ്റ് ചെലവുകളും ഡിമാൻഡ് നോട്ടീസ് തീയതി: 28.07.2026 കൈവശപ്പെടുത്തിയ തീയതി: 22.10.2026 ശാഖ : എടക്കാട്	കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ എടക്കാട് അംശം എടക്കാട് ദേശത്ത് ശ്രീ. പവിത്രൻ എം. എന്നവരുടെ ഉടമസ്ഥാവകാശത്തിലുള്ള റീ.സ. നമ്പർ 1/429, 1/430 ൽപ്പെട്ട 2.83+1.21 ആർസ് വസ്തുവും അതിലെ സർവ്വതും (ആധാരം നമ്പർ 2698/2000, 955/1999, SRO കാടാച്ചിറ) അതിർത്തികൾ : കിഴക്ക് : പ്രേമ കൈവശസ്ഥലം, തെക്ക് : യശോദ, മനോഹരൻ കൈവശസ്ഥലം, പടിഞ്ഞാറ് : അക്ഷയ കൈവശസ്ഥലം, വടക്ക് : രാജീവൻ, രാജൻ കൈവശസ്ഥലം, വഴി
8	ഷൈമ കെ., കെട്ടരക്കൽ ഹൗസ്, പി.ഒ ആറ്റടപ്പ, കണ്ണൂർ 22.10.2026 വരെ ബേങ്കിന് ലഭിക്കാനുള്ള തുക 2,39,638.50/- രൂപയും അതിനുശേഷമുള്ള പലിശയും മറ്റ് ചെലവുകളും ഡിമാൻഡ് നോട്ടീസ് തീയതി: 28.07.2026 കൈവശപ്പെടുത്തിയ തീയതി: 22.10.2026 ശാഖ : എടക്കാട്	കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ എടക്കാട് അംശം ആറ്റടപ്പ ദേശത്ത് ശ്രീമതി ഷൈമ കെ. എന്നവരുടെ ഉടമസ്ഥാവകാശത്തിലുള്ള റീ.സ. നമ്പർ 38/583 ൽപ്പെട്ട 4 സെന്റ് വസ്തുവും അതിലെ സർവ്വതും (ആധാരം നമ്പർ 3557/2012, SRO കാടാച്ചിറ) അതിർത്തികൾ : കിഴക്ക് : തങ്കമണി കൈവശസ്ഥലം, തെക്ക് : കാദർ കൈവശസ്ഥലം, വഴി, പടിഞ്ഞാറ് : ജഗത്ത് കൈവശസ്ഥലം, വടക്ക് : വിമല കൈവശസ്ഥലം
9	1. പുഥ്വിരാജ് വർമ്മ, കൃഷ്ണവേണി, ഉളിയം, മണ്ടൂർ പി.ഒ., പഴയങ്ങാടി, 2. പി.കെ. രാജശേഖരൻ, കൃഷ്ണവേണി, ചെറുതാഴം, അമ്പലം റോഡ്, പി.ഒ.മണ്ടൂർ 22.10.2026 വരെ ബേങ്കിന് ലഭിക്കാനുള്ള തുക 20,35,329/- രൂപയും അതിനുശേഷമുള്ള പലിശയും മറ്റ് ചെലവുകളും ഡിമാൻഡ് നോട്ടീസ് തീയതി: 18.06.2026 കൈവശപ്പെടുത്തിയ തീയതി: 22.10.2026 ശാഖ : കണ്ണൂർ സൗത്ത് ബസാർ	കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്കിൽ ചെറുതാഴം അംശം.ചെറുതാഴം ദേശത്ത് ശ്രീ. പി.കെ. രാജശേഖരൻ എന്നവരുടെ ഉടമസ്ഥാവകാശത്തിലുള്ള റീ.സ. നമ്പർ 452/106 ൽപ്പെട്ട 14.97 ആർസ് വസ്തുവും അതിലെ സർവ്വതും (ആധാരം നമ്പർ 971/2018, SRO പഴയങ്ങാടി) അതിർത്തികൾ : കിഴക്ക് : ഉമ്മർ കൈവശസ്ഥലം, തെക്ക് : പി.കെ. മോഹനൻ വർമ്മ, കെ. നന്ദകുമാർ കൈവശസ്ഥലം, പടിഞ്ഞാറ് : ബാലകൃഷ്ണൻ, ദശ്മി എം. വർമ്മ കൈവശസ്ഥലം, വടക്ക് : പി.കെ. മോഹനൻ വർമ്മ, കെ.നന്ദകുമാർ കൈവശസ്ഥലം
10	1. ഷിനു, പുതിയ പുരയിൽ ഹൗസ്, വേളാപുരം, കണ്ണൂർ, 2. കുഞ്ഞിരാമൻ എ., അരോളി ഹൗസ്, വേളാപുരം, പാപ്പിനിശ്ശേരി 16.10.2026 വരെ ബേങ്കിന് ലഭിക്കാനുള്ള തുക 13,35,082.85/- രൂപയും അതിനുശേഷമുള്ള പലിശയും മറ്റ് ചെലവുകളും ഡിമാൻഡ് നോട്ടീസ് തീയതി: 18.06.2026 കൈവശപ്പെടുത്തിയ തീയതി: 22.10.2026 ശാഖ : കണ്ണൂർ സൗത്ത് ബസാർ	കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ പാപ്പിനിശ്ശേരി അംശം പാപ്പിനിശ്ശേരി ദേശത്ത് ശ്രീ. അരോളി കുഞ്ഞിരാമൻ എന്നവരുടെ ഉടമസ്ഥാവകാശത്തിലുള്ള റീ.സ. നമ്പർ 191/1, 225 ൽപ്പെട്ട 1.82 ആർസ് വസ്തുവും അതിലെ സർവ്വതും (ആധാരം നമ്പർ 1177/2005, 1247/2003, 1178/2005, 1750/2008, SRO കല്യാശ്ശേരി) അതിർത്തികൾ : കിഴക്ക് : ലക്ഷ്മികുട്ടി മറ്റുള്ളവർ കൈവശസ്ഥലം തെക്ക് : പഞ്ചായത്ത് റോഡ്, പടിഞ്ഞാറ് : പഞ്ചായത്ത് റോഡ്, വടക്ക് : ലക്ഷ്മികുട്ടി മറ്റുള്ളവർ കൈവശസ്ഥലം

സ്ഥലം: കണ്ണൂർ
തീയതി: 22.10.2026

അധികാരപ്പെടുത്തിയ ഓഫീസർ,
കേരള സംസ്ഥാന സഹകരണ ബേങ്ക് ലിമിറ്റഡ്
കണ്ണൂർ റീജ്യൺ

C2610-606246

വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ. (ഈ പ്രാർത്ഥന ദിവസം 9 പ്രാവശ്യം ചൊല്ലുക. 8 ദിവസം തുടർച്ചയായി ചൊല്ലിയാൽ ഏതു കാര്യവും സാധിക്കും. 10 ദിവസം തുടർച്ചയായി ചൊല്ലിയാൽ അത് ഒരുനാളും സഫലമാകാതിരിക്കില്ല.

ജിമേഷ് പോൾ

K2610-606194

കൃപാസനം പ്രസാദവര മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

അമ്മേ! പരിശുദ്ധ അമ്മേ ദൈവമാതാവേ! കൃപാസനത്തിലൂടെ ഞങ്ങൾക്കും ഞങ്ങളുടെ ദേശത്തിനും അമ്മ മാധ്യസ്ഥം തേടി തന്ന എല്ലാ അനുഗ്രഹങ്ങൾക്കും കൃപകൾക്കും ഞങ്ങളിപ്പോൾ ഹൃദയം നിറഞ്ഞ നന്ദി പറയുന്നു.

അമ്മേ പരിശുദ്ധ അമ്മേ ദൈവമാതാവേ! 2004 ഡിസംബർ 7-ാം തീയതി ഉച്ചകഴിഞ്ഞ് 2.30ന് കൃപാസനത്തിൽ സംഭവിച്ച അമ്മയുടെ പ്രത്യക്ഷപ്പെടലിനെക്കുറിച്ച് തിരുസഭയ്ക്ക് സമർപ്പിച്ചിരിക്കുന്ന പഠന രേഖകളുടെ മേൽ വസ്തുനിഷ്ഠവും ദൈവശാസ്ത്ര വിധിപ്രകാരമുള്ളതുമായ അന്വേഷണപഠനങ്ങൾ നടത്തി ആ പ്രത്യക്ഷപ്പെടലിലൂടെ പ്രകടമായ ദൈവമാതാവിന്റെ പ്രത്യേക കരുതലും സംരക്ഷണവും വെളിപ്പെടുത്തുന്ന പീഡിതരുടെ ആശ്വാസവും പ്രവാചകന്മാരുടെ രാജ്ഞിയും വാഗ്ദാനത്തിന്റെ പേടകവും പ്രപഞ്ച പ്രകൃതിയുടെ മാതാവുമായ പരിശുദ്ധ അമ്മയുടെ ഭക്തി തിരുസഭയിൽ കൂടുതൽ പ്രചരിച്ച് ജീവിതത്തിന്റെ ദുരിത ദുരന്ത അവസ്ഥകളിൽ അകപ്പെട്ടു കഴിയുന്ന അനേകായിരം മക്കൾക്ക് ദൈവത്തിന്റെ സാന്നിധ്യവും സന്ധിപ്പും കൂടുതൽ അനുഭവിക്കുവഴി അത്മീയ വിശുദ്ധിയും ദൈവശക്തിയും കൈവരിക്കുവാൻ ഞങ്ങളുടെ കുടുംബങ്ങളെ ഇടയാക്കണമേ. അമ്മേ, പരിശുദ്ധ അമ്മേ ഭൂ-സ്വർലോകങ്ങളുടെ രാജ്ഞിയായ അങ്ങേയ്ക്ക് ഈ മ സംരക്ഷണത്തിനായി പ്രപഞ്ച പ്രകൃതിയെ തന്നെ തിരുസഭ പ്രതിഷ്ഠിക്കുവാൻ ഈ പ്രത്യക്ഷീകരണംവഴി ഇടയാക്കണമേ. പരിശുദ്ധ അമ്മേ ജപമാലമാതാവേ സകല കൃപാസനം പ്രാർത്ഥനകളോടും ചേർത്ത് ഞങ്ങൾ ഇപ്പോൾ പ്രാർത്ഥിക്കുന്ന ഈ കുടുംബത്തിന്റെ പ്രത്യേക നിയോഗവും (നിയോഗം പറയുക) അമ്മയുടെ പ്രത്യക്ഷീകരണത്തിന്റെ ഈ അനുഗ്രഹവേളയിൽ ഞങ്ങൾക്ക് സാധിച്ചുതരുവാൻ കനിയണമേ. ആമ്മേൻ.

Dr. Rosaline Kuthukallumkal

K2610-606176

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വ്യത്തിയാക്കുന്നു
9846237864

T2610-604483

ADMISSION GUIDANCE
Private & Deemed Universities
MBBS.BDS
BAMS. BNYS . BUMS
MD (Gynacology)
Dermatology. Pathology
BSc Nursing
GNM . BPT . MLT
NRI & Management
8547082874

R2610-605533

B.Sc NURSING
KVG MEDICAL COLLEGE
SULLIA (NEAR M'LORE)
KIMS COLLEGE
ONGOLE (A.P)
500 Beds NABH Hospital
VIJAYA COLLEGE
NELLORE (A.P)
Total Package: Rs.6.25 Lakhs
KCET/NEET NOT REQUIRED
Admission Co-ordinator
97454 89423
94460 34284

K2609-604017

ചേരാനല്ലൂർ അപകടം

ജഡ്ജിക്കെതിരേ നടപടിയുമായി മോട്ടോർ വാഹന വകുപ്പ്

കാക്കനാട്: ചേരാനല്ലൂരിൽ പ്രായപൂർത്തിയാകാത്ത മകനു വാഹനം ഓടിക്കാൻ നൽകിയതിന് രജിസ്ട്രേഷൻ ഉടമയായ ജഡ്ജിക്കെതിരേ മോട്ടോർ വാഹനവകുപ്പ് നടപടികൾ തുടങ്ങി. വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നതടക്കമുള്ള നടപടികളുടെ ഭാഗമായി ഷോക്കോസ് നോട്ടിസ് നൽകും.

മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ബിനീഷ് കുമാറിന്റെ പരിശോധനാറിപ്പോർട്ട് എറണാകുളം ആർടിഒയ്ക്കു കൈമാറി. അപകടത്തിൽ കാറിന്റെ മുൻഭാഗം തകർന്നെങ്കിലും പ്രാഥമിക പരിശോധനയിൽ മെക്കാനിക്കൽ തകരാറുകൾ കണ്ടെത്തിയില്ല.

അമിതവേഗമാകാം അപകടകാരണമെന്നാണു വിലയിരുത്തൽ. കാറോടിച്ച പ്രായപൂർത്തിയാകാത്തയാൾക്കു ഭാവിയിൽ ലൈസൻസ് ലഭിക്കുന്നതിനും നിയന്ത്രണമേർപ്പെടുത്തും. പോലിസ് കസ്റ്റഡിയിലുള്ള ബെൻസ് കാർ ചൊവ്വാഴ്ചയാണു മോട്ടോർ വാഹനവകുപ്പ് പരിശോധിച്ചത്. അപകടത്തിൽ കാറിന്റെ മുൻഭാഗത്തിന് കാര്യമായ കേടുപാടുകളുണ്ടായിട്ടുണ്ട്. റേഡിയേറ്റർ, കണ്ടൻസർ തുടങ്ങിയ ഭാഗങ്ങൾ ഇടിയുടെ ആഘാതത്തിൽ തകർന്ന നിലയിലാണ്.

നഷ്ടപ്പെട്ടു

March 2006 വർഷത്തെ 116875 രജിസ്റ്റർ നമ്പറിലുള്ള എന്റെ Secondary School Leaving Certificate (SSLC) വീണ്ടെടുക്കാൻ പറ്റാത്ത വിധം കൈമോശം വന്നിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.

എന്ന്,
Rose Maria Cherian
D/o. Cherian
Chilambikkunnel (H)
Chittarikkal P.O.
Kasaragod-671326

C2610-606271

ഗ്യാനേഷിനെതിരേയുള്ള മോക്ക് ഇംപീച്ച്മെന്റിന് അനുമതി നിഷേധിച്ചെന്നു കോൺഗ്രസ്

സ്വന്തം ലേഖകൻ

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പു കമ്മിഷണർ ഗ്യാനേഷ് കുമാറിനെ പ്രതീകാത്മകമായി പുറത്താക്കുന്നതിനുള്ള 'മോക്ക് ഇംപീച്ച്മെന്റിന്' ഡൽഹി പൊലിസ് അനുമതി നിഷേധിച്ചതായി എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ വാർത്താസമ്മേളനത്തിൽ ആരോപിച്